# പ്രസിദ്ധീകരണത്തിന്

## സർവകലാശാല രജത ജൂബിലി ആഘോഷങ്ങളുടെ ഉൽഘാടനം

കണ്ണൂർ സർവകലാശാലയുടെ ഒരു വർഷം നീണ്ടു നിൽക്കുന്ന രജത ജൂബിലി ആഘോഷങ്ങളുടെയും ഓട്ടോമേറ്റഡ് ക്വസ്റ്റ്യൻ പേപ്പർ ജനറേഷൻ സിസ്റ്റത്തിന്റെയും പരീക്ഷ മൊബൈൽ ആപ്പിന്റെയും ഔപചാരികമായ ഉദ്ഘാടനം ബഹു.ഉന്നതവിദ്യാഭ്യാസ വകുപ്പു മന്ത്രി ഡോ. ആർ.ബിന്ദു ഒക്ടോബർ 30 ന് രാവിലെ 11:30ന് ഓൺലൈനിൽ നിർവഹിച്ചു. ഓഫ്‌ലൈൻ രീതിയിൽ സർവകലാശാല ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ബഹു. കണ്ണൂർ എം.എൽ.എ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷത വഹിച്ചു. സർവകലാശാലാ ഗീതം ശ്രീ കടന്നപ്പള്ളി രാമചന്ദ്രൻ എം.എൽ.എ പുറത്തിറക്കി. ബഹു. കണ്ണൂർ കോർപറേഷൻ മേയർ അഡ്വ. ടി.ഒ. മോഹനൻ മുഖ്യാതിഥിയായി. പരീക്ഷാ മൊബൈൽ ആപ്പ് സ്വിച്ച് ഓൺ കർമം പരീക്ഷാ കൺട്രോളർ ഡോ.പി.ജെ.വിൻസെന്റും ഓട്ടോമേറ്റഡ് ക്വസ്റ്റ്യൻ പേപ്പർ ജനറേഷൻ സിസ്റ്റത്തിന്റെ സ്വിച്ച് ഓൺ കർമം സിണ്ടിക്കേറ്റ് അംഗം ഡോ.കെ.ടി ചന്ദ്രമോഹനും നിർവഹിച്ചു. സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീസ്, സ്പോർട്സ് സയൻസ്, ബയോ സയൻസ് വിഷയങ്ങളിലെ ജേർണലുകൾ യഥാക്രമം സിണ്ടിക്കേറ്റ് അംഗങ്ങളായ ഡോ. എ അശോകൻ, ഡോ. പി.പി.ജയകുമാർ, ശ്രീ.പ്രമോദ് കുമാർ കെ.വി, ഡോ. രാഖി രാഘവൻ എന്നിവർക്ക് നൽകികൊണ്ട് വൈസ്-ചാൻസലർ പ്രൊഫ.ഗോപിനാഥ് രവീന്ദ്രൻ പ്രകാശനം ചെയ്തു. സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീമതി.എൻ.സുകന്യ, ഡോ. പി.മഹേഷ് കുമാർ, വിദ്യാർത്ഥി യൂണിയൻ ചെയർമാൻ അഡ്വ.എം.കെ.ഹസ്സൻ, സെനറ്റ് അംഗം.ശ്രീ.സാജു പി.ജെ. എന്നിവർ ആശംസകൾ അർപ്പിച്ചു. പ്രോ വൈസ്-ചാൻസലർ പ്രൊഫ.സാബു എ നന്ദി പറഞ്ഞു. സർവകലാശാല ഗീതം രചിച്ചിരിക്കുന്നത് ശ്രീ.പ്രമോദ് കുമാർ വെള്ളച്ചാ ൽ, സംഗീതം ശ്രീ ഹരികുമാർ ഹരേ രാം. ആലാപനം മൃദുല വാരിയരും ഹരികുമാർ ഹരേ റാമും.

## എം എസ്സ് സി നാനോ സയൻസ് & നാനോ ടെക്നോളജി -സ്പോട്ട് അഡ്മിഷൻ

കണ്ണൂർ സർവ്വകലാശാല പയ്യന്നൂർ സ്വാമി ആനന്ദ തീർത്ഥ ക്യാമ്പസിലെ എം. എസ്സ്. സി. നാനോ സയൻസ് & നാനോ ടെക്നോളജി കോഴ്സിൽ ജനറൽ/എസ് ഇ ബി സി വിഭാഗങ്ങൾക്ക് ഏതാനും സീറ്റ് ഒഴിവുണ്ട്. യോഗ്യത: ലാംഗേജ് പേപ്പറുകൾ ഒഴികെ 55% മാർക്കോടെ ബി.എസ്.സി ഫിസിക്സ്/കെമിസ്ട്രി ബിരുദം. അപേക്ഷകർക്ക് യോഗ്യത സർട്ടിഫിക്കറ്റുകളുമായി 02 /11 /2021 ന് രാവിലെ 10.00 മണിക്ക് പ്രോഗ്രാം കോർഡിനേറ്ററുടെ മുൻപാകെ ഹാജരാകാവുന്നതാണ്. ഫോൺ: 0497-2806402, 9847421467.

## ബിരുദ പ്രവേശനം - എസ് .സി /എസ്.ടി ഒഴിവ്

അഫിലിയേറ്റഡ് കോളേജുകളിലെ യു.ജി കോഴ്സുകളിലെ ഒഴിവുള്ള SC/ST സീറ്റുകളിലേക്ക് അപേക്ഷിക്കുന്നതിന് ഇതുവരെ അപേക്ഷിക്കാത്ത SC/ST വിഭാഗക്കാർക്ക് ഓൺലൈനായി 2021 നവംബർ 1,2 എന്നീ തീയതികളിലായി

അപേക്ഷിക്കാം. ഒഴിവുകളുടെ ലിസ്റ്റ് സർവ്വകലാശാല വെബ്സൈറ്റിൽ നൽകുന്നതാണ്.

## ബിരുദ പ്രവേശനം- എസ് .സി /എസ്.ടി അലോട്ട്മെന്റ്

അഫിലിയേറ്റഡ് കോളേജുകളിലെ യു.ജി കോഴ്സുകളിലേക്ക് SC/ST വിഭാഗക്കാർക്ക് മാത്രമായി 2021 നവംബർ 3 ന് അലോട്ട്മെന്റ് നടത്തുന്നതാണ്. അലോട്ട്മെന്റിൽ ആദ്യമായി (First time) അലോട്ട്മെന്റ് ലഭിച്ചവർ 2021 നവംബർ 5 ന് അകം SBI e-pay വഴി അഡ്മിഷന് ഫീസ് നിർബന്ധമായും അടക്കേണ്ടതുമാണ്. മറ്റു രീതികളില് ഫീസ് അടച്ചാല് ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. **ഫീസ് അടക്കാത്തവർക്ക്, ലഭിച്ച അലോട്ട്മെന്റ് നഷ്ടമാവുന്നതാണ്**. അഡ്മിഷൻ ഫീസ് 770/- രൂപയാണ്. ഒന്ന്,രണ്ട്,മൂന്ന്,നാല്,അഞ്ച് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച്, ഫീസ് അടച്ച വിദ്യാർത്ഥികൾ വീണ്ടും ഹയർ ഓപ്ഷൻ ലഭിച്ചാൽ ഫീസ് അടക്കേണ്ടതില്ല. അലോട്ട്മെന്റ് ലഭിച്ചവർ Pay Fees ബട്ടണില് ക്ലിക്ക് ചെയ്താണ് ഫീസടയ്ക്കേണ്ടത്.ഫീസടച്ചവർ ലോഗിന് ചെയ്ത് അഡ്മിഷന് ഫീസ് വിവരങ്ങള് അവരുടെ പ്രൊഫൈലില് വന്നിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. **അഡ്മിഷൻ ഫീസ് E PAY** വഴി **ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.** അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ **2021 നവംബർ 3,5 തീയതികളില്** അലോട്ട്മെന്റ് ലഭിച്ച **കോളേജുകളിൽ പ്രവേശനത്തിന് ഹാജരാകേണ്ടതാണ്.** ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിൽ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ, അതാത് കോളേജ് പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്. അഡ്മിഷൻ ലഭിക്കുന്നതിനായി ഹാജരാക്കുന്നതിനുള്ള അലോട്ട്മെന്റ് മെമ്മോ വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്. അലോട്ട്മെന്റ് മെമ്മോയോടൊപ്പം താഴെക്കൊടുത്തിരിക്കുന്ന രേഖകളും പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്.

1 . ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട്, അലോട്ട്മെന്റ് മെമ്മോ
2.രജിസ്ട്രേഷൻ ഫീസ്, സർവകലാശാല അഡ്മിഷൻ ഫീസ് എന്നിവ ഓൺലൈനായി അടച്ച രസീതിന്റെ പ്രിന്റ് ഔട്ട്
3. യോഗ്യതാ പരീക്ഷയുടെ അസൽ മാർക്ക് ലിസ്റ്റ്
4. ജനനതീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
5. വിടുതൽ സർട്ടിഫിക്കറ്റ്
6. കോഴ്സ് & കോണ്ടക്ട് സർട്ടിഫിക്കറ്റ്
7. അസ്സൽ കമ്മ്യൂണിറ്റി/Caste സർട്ടിഫിക്കറ്റ് (SC/ST വിഭാഗങ്ങൾക്ക്),
8. ഗ്രേസ് മാർക്ക് ലഭിക്കുന്നതിനാവശ്യമായ അസ്സൽ സർട്ടിഫിക്കറ്റ്
9. HSE,VHSE,THSE,CBSC,CISCE,NIOS,കേരള പ്ലസ് ടു തുല്യത പരീക്ഷ എന്നിവ ഒഴികെ മറ്റു ബോർഡുകളിൽ നിന്നും യോഗ്യത പരീക്ഷ പാസായവർ കണ്ണൂർ സർവകലാശാലയുടെ Recognition Certificate ഹാജരാക്കേണ്ടതാണ്
10.നേറ്റിവിറ്റി തെളിയിക്കുന്നതിനാവശ്യമായ ഏതെങ്കിലും രേഖ.
11.അപേക്ഷയിൽ കൊടുത്തിരിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്

## കോളേജ് തല സ്പോട്ട് അഡ്മിഷൻ

**ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലെ** യു.ജി.കോഴ്സുകളിലെ SC/ST ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളിലേക്കും നവംബർ 10,11 തീയതികളില് സ്പോട്ട്

അഡ്മിഷൻ നടത്തുന്നതാണ്. പങ്കെടുക്കുന്നവർ 2021 നവംബർ 6 മുതൽ 2021 നവംബർ 8 വരെ, അതാത് കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വേക്കൻസി ലിസ്റ്റ് 5.11.2021ന് സർവ്വകലാശാല വെബ്സൈറ്റിൽ നൽകുന്നതായിരിക്കും. വിവിധ കാരണങ്ങളാൽ അലോട്മെന്റില് നിന്ന് പുറത്തായവർക്കും, നിലവിൽ പ്രവേശനം ലഭിച്ചവർക്കും, പ്രവേശനം ലഭിക്കാത്തവർക്കും പങ്കെടുക്കാം. സ്പോട്ട് അഡ്മിഷനില് പങ്കെടുത്ത് അഡ്മിഷന് ലഭിച്ചവര് 2021 നവംബർ 10,11 തീയതികളിലായി അഡ്മിഷന് ലഭിച്ച കോളേജില് പ്രവേശനം നേടേണ്ടതാണ്.

**സെൽഫ് ഫൈനാൻസിങ് കോളേജുകളിലെ** SC/ ST ഉൾപ്പെടെയുള്ള യു. ജി ഒഴിവുകളിലേക്ക് നവംബർ 15,16 എന്നീ തീയ്യതികളിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. പങ്കെടുക്കുന്നവർ 11.11.2021 മുതൽ 12.11.2021 വരെ അതാത് കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വേക്കൻസി ലിസ്റ്റ് സർവ്വകലാശാല വെബ്സൈറ്റിൽ നൽകുന്നതായിരിക്കും. വിവിധ കാരണങ്ങളാൽ അലോട്മെന്റില് നിന്ന് പുറത്തായവർക്കും, നിലവിൽ പ്രവേശനം ലഭിച്ചവർക്കും, പ്രവേശനം ലഭിക്കാത്തവർക്കും ഇതുവരെ അപേക്ഷിക്കാത്തവർക്കും അവസരമുണ്ട്. പുതിയതായി അപേക്ഷിക്കുന്നവർ അഡ്മിഷൻ വെബ്സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2021 നവംബർ 15,16 തീയതികളിലായി അഡ്മിഷന് ലഭിച്ച കോളേജില് പ്രവേശനം നേടേണ്ടതാണ്.

സ്പോട്ട് അഡ്മിഷൻ പ്രവേശനത്തിന് അർഹരായവരെ കോളേജ് അധികാരികൾ ഫോൺ വഴി ബന്ധപ്പെടുന്നതായിരിക്കും. ഇതിനകം പ്രവേശനം ലഭിച്ച അപേക്ഷകർ സ്പോട്ട് അഡ്മിഷൻ ലഭിച്ച കോളേജുകളിൽ പ്രവേശനത്തിന് ഹാജരായി പ്രവേശനം ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ മുമ്പ് പ്രവേശനം ലഭിച്ച കോളേജിൽ നിന്ന് ടി.സി വാങ്ങേണ്ടതുള്ളൂ.

ഹെല്പ്പ് ലൈൻ നമ്പറുകള് :0497 2715261,7356948230 ഇ മെയിൽ ഐഡി: ugsws@kannuruniv.ac.in വെബ്സൈറ്റ് : www.admission.kannuruniversity.ac.in

## അസിസ്റ്റൻറ് പ്രൊഫസർ ഒഴിവ്

കണ്ണൂർ സർവ്വകലാശാലയുടെ തലശ്ശേരി നിയമ പഠന വകുപ്പിൽ സോഷ്യോളജി വിഷയത്തിൽ അസിസ്റ്റൻറ് പ്രൊഫസർ (മണിക്കൂർ അടിസ്ഥാനത്തിൽ) ഒഴിവിലേക്ക് 03.11.2021 നു വാക് ഇൻ ഇൻറർവ്യൂ നടക്കും .
രാവിലെ 11 മണിക്ക് നിയമ വകുപ്പിലാണ് അഭിമുഖം . ബിരുദാനന്തര ബിരുദമാണ് യോഗ്യത . നെറ്റ് / പി .എച് .ഡി ഉള്ളവർക്കു മുൻഗണന നൽകും . ഉദ്യോഗാർത്ഥികൾ ബയോഡാറ്റ hodlegal@kannuruniv.ac.in എന്ന മെയിൽ ഐഡിയിലേക്കു നവംബർ 2 നു 5 മണിക്ക് മുമ്പ് സമർപ്പിക്കണം.

## M.Lib.I സീറ്റൊഴിവ്

കണ്ണൂർ സർവകലാശാല താവക്കര ക്യാമ്പസിൽ പ്രവർത്തിക്കുന്ന ലൈബ്ര റി ആൻറ് ഇൻഫർമേഷൻ സയൻസ് പഠനവകുപ്പിലേക്ക് മാസ്റ്റർ ഓഫ് ലൈബ്രറി ആൻറ് ഇൻഫർമേഷൻ സയൻസ് കോഴ്
സിന് പട്ടികജാതി/ പട്ടിക വർഗ വിഭാഗത്തിനായി സംവരണം ചെയ്ത ഒരു സീറ്റ് ഒ

ഴിവുണ്ട് . ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. താത്പര്യമുള്ള വർ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി നവംബർ 1-
ന് രാവിലെ 10.30 ന് വകുപ്പ് മേധാവിക്ക് മുൻപാകെ ഹാജരാക്കേണ്ടതാണ്. ഫോൺ : 9895649188

**ഒന്നാം സെമസ്റ്റർ ബി എഡ് ക്ലാസുകൾ**

സർവകലാശാല സെന്ററുകൾ/ അഫിലിയേറ്റ് ചെയ്ത ബി എഡ് കോളേജുകൾ എന്നിവിടങ്ങളി ലെ 2021 വർഷം പ്രവേശനം നേടിയവിദ്യാർത്ഥികൾക്കുള്ള **ഒന്നാം സെമസ്റ്റർ ബി എഡ് ക്ലാസുകൾ** ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് **03 .11.2021 തീയതി ആരംഭിക്കുന്നതായിരിക്കും**